പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.109 12.03.2015-ലെ മറുപടിക്ക്

## നെല്ലിയാമ്പതിയിലെ റവന്യൂഭൂമി കയ്യേറ്റം

**ചോദ്യം**
ശ്രീ.എം.ചന്ദ്രൻ
ശ്രീ.എ.കെ.ബാലൻ
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.കെ.വി.വിജയദാസ്

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ലിയാമ്പതിയിൽ റവന്യൂ ഭൂമിയിൽ പോബ്സൺ നടത്തിയ കയ്യേറ്റം സംബന്ധിച്ചുള്ള ലാന്റ് ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട് മുഴുവൻ ഭൂമിയും സർവ്വെ ചെയ്യുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തി 12/11/2014-ലെ സ. ഉ(സാധ) 5473/2014/റവന്യൂ നമ്പർ പ്രകാരം ഉത്തരവായി. കൂടാതെ 11/11/2014 ലെ സർവ്വെ ഡയറക്ടറുടെ ബി2-33419/2014 നമ്പർ ഉത്തരവ് പ്രകാരം സർവ്വെ ടീമിനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. 17/12/2014-ലെ സർക്കാർ ഉത്തരവ് (കൈ)നം.529/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പോബ്സ് ഗ്രൂപ്പിന്റെ കൈവശത്തിലുള്ള ഭൂമി പോക്കുവരവ് ചെയ്ത് നല്കിയ നടപടി റദ്ദ് ചെയ്യും പോക്കുവരവ് ചെയ്യുന്നതിന് തെറ്റായ നടപടി സ്വീകരിച്ച സർവ്വെ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. |
| (സി) | കയ്യേറ്റത്തിന് സഹായകമായി വിവിധ വകുപ്പ് ഉദ്യോഗസ്ഥരും അഡ്വക്കേറ്റ് ജനറൽ ആപ്പീസും നടപടി സ്വീകരിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇതിനു ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയാണ് എടുത്തതെന്ന വ്യക്തമാക്കാമോ; | (ഡി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (ഇ) | ഈ കയ്യേറ്റം സംബന്ധിച്ച് ലഭിച്ചിട്ടുള്ള നിയമോപദേശം എന്താണെന്ന് അറിയിക്കാമോ? | (ഇ) | ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിനെതിരെയും തുടർന്നുള്ള സർക്കാർ ഉത്തരവുകൾക്കെതിരെയും പോബ്സ് എസ്റ്റേറ്റ് ബഹു. ഹൈക്കോടതിയിൽ WP(C)-34072/14 ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിലെ 17/12/2014 ലെ ഇടക്കാല ഉത്തരവിൽ തൽസ്ഥിതി തുടരുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നെങ്കിലും സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സർവ്വെ നടപടികൾ തുടരുവാൻ ബഹു. ഹൈക്കോടതി 26/02/2015 ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. |

Shyk

**സെക്ഷൻ ഓഫീസർ**